(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് ഡ്രൈവർമാരുടെ 101 എൻ.ജെ.ഡി. ഒഴിവുകൾ 24-9-2013-ലും, 285 പുതിയ ഒഴിവുകൾ 1-9-2014-ലും, ബഹു. ഹൈക്കോടതി ഉത്തരവിൻ പ്രകാരം 2455 ഒഴിവുകൾ, 6-8-2015-ലും കേരളാ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ, പുതുതായി 498 ഡ്രൈവർമാരുടെ ഒഴിവുകളുമുണ്ട്. പുതുതായി എംപാനൽ ഡ്രൈവർമാർക്ക് നിയമനം നൽകിയിട്ടില്ല.

(സി) റാന്നി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ ജൻറം ഉൾപ്പെടെ 14 ഷെഡ്യൂളുകൾ നടത്തുന്നതിനാണ് അനുവാദം നൽകിയിട്ടുള്ളത്. 18 കെ.എസ്.ആർ.ടി.സി. ബസ്സുകളും 1 ജൻറം ബസ്സുമാണ് നിലവിലുള്ളത്. ഡ്രൈവർമാർ കൃത്യമായി ജോലിക്ക് വരാത്തതിനാൽ പ്രതിദിനം ശരാശരി 4 ഷെഡ്യൂളുകൾ റദ്ദാക്കാറുണ്ട്. തൻമൂലം പ്രതിദിനം ശരാശരി 48000 രൂപയുടെ വരുമാനനഷ്ടം ഉണ്ടാകുന്നുണ്ട്.

(ഡി) മറ്റുഡിപ്പോയിൽനിന്നും റാന്നിയിലേക്ക് സ്ഥലംമാറ്റം ആവശ്യപ്പെട്ടിട്ടുള്ളവർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ടി ഡിപ്പോയിൽ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന കുടിശ്ശിക

329 (2158) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധനം വാങ്ങിയതിന് പെട്രോളിയം കമ്പനികൾക്ക് നിലവിൽ ബാദ്ധ്യതയുണ്ടോ ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക് എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) എം.എ.സി.റ്റി. കോടതിവിധികൾ പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബാദ്ധ്യതയുണ്ട്. M/s. IOC യിൽനിന്നും 15 ദിവസത്തെ Credit-ൽ ആണ് ഇന്ധനം ലഭിക്കുന്നത് ആ ഇനത്തിൽ 28,09,03,233 രൂപ ബാദ്ധ്യതയുണ്ട്. HPC-ക്ക് പ്രതിവാരം 50 ലക്ഷം രൂപവീതം ബാദ്ധ്യതയിൽ ഇന്ധനം ലഭിക്കുന്നു.

(ബി) കേരളത്തിലെ വിവിധ എം.എ.സി.റ്റി, കോടതികളിൽ വിധിയായ 3210 കേസ്സുകളിലായി 33,52,12,211 രൂപയും നാളിതുവരെയുള്ള പലിശയും കുടിശ്ശികയായുണ്ട്.

GPM. 2/240/2020-51

LIBRARY ARCHIVES Kerala Legislative Assembly